പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1823 **26-10-2026-ൽ മറുപടിയ്ക്ക്**

കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെയും മെട്രോ റെയിൽ ലിമിറ്റഡിന്റെയും സാമ്പത്തികസ്ഥിതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കാരായി രാജൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. ടി. എം. ശശി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെയും (കെ.എം.ആർ.എൽ.) നിലവിലെ സാമ്പത്തികസ്ഥിതിയെക്കുറിച്ചും പദ്ധതി ലാഭകരമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ;

മറുപടി:

കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെയും നിലവിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും പദ്ധതി ലാഭകരമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചുമുള്ള വിശദാംശങ്ങൾ

ചുവടെ ചേർത്തിരിക്കുന്നു:

കൊച്ചി വാട്ടർ മെട്രോ പദ്ധതി:

• പദ്ധതിയുടെ അംഗീകൃത ആകെ ചെലവ് 1,064.83 കോടി രൂപയാണ് (സംസ്ഥാന സർക്കാർ വിഹിതം 156.07 കോടി രൂപയും, KfW ധനസഹായം 908.76 കോടി രൂപയും). ഭൂമി ഏറ്റെടുക്കുന്നതിനുള്ള 72 കോടി രൂപ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

• 30.09.2026 വരെ പദ്ധതിക്കായി ആകെ 692.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന ചെലവ് 444.008 കോടി രൂപയാണ്.

• 2026-27 (ഏപ്രിൽ - സെപ്റ്റംബർ) കാലയളവിൽ വാട്ടർ മെട്രോയുടെ ടിക്കറ്റ് വരുമാനം 597.92 ലക്ഷം രൂപയും, ടിക്കറ്റിതര വരുമാനം 19.40 ലക്ഷം രൂപയും ഉൾപ്പെടെ ആകെ വരുമാനം 617.32 ലക്ഷം രൂപയാണ്. പ്രവർത്തന

ചെലവ് 830.65 ലക്ഷം രൂപയും പ്രവർത്തന നഷ്ടം 213.33 ലക്ഷം രൂപയുമാണ്.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

• 2025-26 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ ആകെ വരുമാനം 260.93 കോടി രൂപയും, പ്രവർത്തന ചെലവ് 208.28 കോടി രൂപയുമാണ്. ഫലമായി 52.65 കോടി രൂപയുടെ പ്രവർത്തന മിച്ചം (Operational Profit) കൈവരിച്ചു.

• എങ്കിലും, ധനകാര്യ പ്രവർത്തന ചെലവുകൾ, മൂല്യത്തകർച്ച (Depreciation), അമോർട്ടൈസേഷൻ തുടങ്ങിയവ ഉൾപ്പെടുത്തിയതിനു ശേഷമുള്ള ആ വർഷത്തെ അറ്റ നഷ്ടം 351.58 കോടി രൂപയായിരുന്നു.

• 2026-27 സാമ്പത്തിക വർഷത്തിൽ (30.09.2026 വരെ) 138.37 കോടി രൂപ

വരുമാനവും 111.66 കോടി രൂപ ചെലവും രേഖപ്പെടുത്തി 26.71 കോടി രൂപയുടെ പ്രവർത്തന മിച്ചം കൈവരിച്ചിട്ടുണ്ട്.

• 30.09.2026 ലെ കണക്കുപ്രകാരം കെ.എം.ആർ.എൽ.-ന്റെ നിലവിലുള്ള ആകെ വായ്പാ ബാധ്യത 3,059.44 കോടി രൂപയാണ്.

പദ്ധതി ലാഭകരമാക്കാൻ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ:

• യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സർവീസുകളുടെ എണ്ണവും സമയവും ആവശ്യാനുസരണം ക്രമീകരിക്കൽ.

• ടിക്കറ്റിതര വരുമാനവും വാണിജ്യ സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നതും വർദ്ധിപ്പിക്കുക.

• ബോട്ട് ചാർട്ടർ സേവനങ്ങളും ഹ്രസ്വകാല വരുമാന സ്രോതസ്സുകളും

പ്രയോജനപ്പെടുത്തുക.

• പ്രവർത്തന ചെലവുകൾ നിയന്ത്രിക്കുക, ആസ്തികളുടെ പരമാവധി വിനിയോഗം ഉറപ്പാക്കുക, പുതിയ വരുമാന സാധ്യതകൾ കണ്ടെത്തുക.

(ബി) 2025-26 സാമ്പത്തികവർഷത്തിൽ കൊച്ചി മെട്രോ പ്രവർത്തനലാഭം കൈവരിച്ചു എന്നത് ശരിയാണോ; എങ്കിൽ, മുൻ വർഷങ്ങളെ അപേക്ഷിച്ച് ടിക്കറ്റ് വിൽപ്പനയിലൂടെയും ടിക്കറ്റിതര മാർഗ്ഗങ്ങളിലൂടെയും(പരസ്യം,സ്റ്റേഷൻ വാടക തുടങ്ങിയവ) ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

മറുപടി: 2025-26 സാമ്പത്തിക വർഷത്തിൽ കൊച്ചി മെട്രോ പ്രവർത്തനലാഭം (Operational Profit) കൈവരിച്ചിട്ടുണ്ട് എന്നത് ശരിയാണ്. മുൻ വർഷവുമായി (2024-25) താരതമ്യം ചെയ്യുമ്പോഴുള്ള ടിക്കറ്റ് വിൽപ്പനയിലൂടെയും ടിക്കറ്റിതര മാർഗ്ഗങ്ങളിലൂടെയും ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(സി) പദ്ധതി നിലവിൽ നേരിടുന്ന മൊത്തം ബാധ്യതകൾ (വായ്പ, പലിശ തുടങ്ങിയവ) എത്രയാണെന്നും പ്രസ്തുത ബാധ്യതകൾ തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

മറുപടി: 30.09.2026 ലെ കണക്കുപ്രകാരം വിവിധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള കെ.എം.ആർ.എൽ.-ന്റെ മൊത്തം വായ്പാ ബാധ്യത 3,059.44 കോടി രൂപയാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

പ്രസ്തുത ബാധ്യതകൾ തീർക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ: സർക്കാരിന്റെ അംഗീകൃത വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിൽ നിന്നുള്ള ഓഹരി മൂലധനം, ഗ്രാന്റുകൾ, വായ്പകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, വായ്പാ തിരിച്ചടവും പ്രവർത്തന ചെലവുകളും മറ്റ് പദ്ധതി ആവശ്യങ്ങളും ബാധകമായ ധനസഹായ സംവിധാനങ്ങളിലൂടെയും ബജറ്റ് വിഹിതങ്ങളിലൂടെയുമാണ് നിറവേറ്റി വരുന്നു.

(ഡി) വാട്ടർ മെട്രോ അടക്കമുള്ള ഗതാഗത സംവിധാനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ യാത്രക്കാരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണ്;ഫീഡർ സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് പുരോഗമിക്കുന്നത്;

മറുപടി:

മെട്രോ റെയിൽ യാത്രക്കാരുടെ എണ്ണം:

• 2022-23 സാമ്പത്തിക വർഷം: 2,48,75,822

• 2023-24 സാമ്പത്തിക വർഷം: 3,23,18,280 (വർദ്ധനവ്: 74,42,458)

• 2024-25 സാമ്പത്തിക വർഷം: 3,56,15,480 (വർദ്ധനവ്: 32,97,200)

• 2025-26 സാമ്പത്തിക വർഷം: 3,70,22,011 (വർദ്ധനവ്: 14,06,531)

വാട്ടർ മെട്രോ യാത്രക്കാരുടെ എണ്ണം (ശരാശരി പ്രതിദിനം):

• 2023-24 സാമ്പത്തിക വർഷം: 18,44,375 (വാർഷികം)

• 2024-25 സാമ്പത്തിക വർഷം: 21,03,149 (14% വർദ്ധനവ്)

• 2025-26 സാമ്പത്തിക വർഷം: 24,64,559 (17% വർദ്ധനവ്)

ഫീഡർ സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിൽ പുരോഗമിച്ചുവരുന്ന നടപടികൾ:

• മെട്രോ, വാട്ടർ മെട്രോ യാത്രക്കാർക്കായി ആദ്യ-അവസാന ഘട്ട (First and Last mile) യാത്രാസൗകര്യം ഉറപ്പാക്കാൻ 15 ഇലക്ട്രിക് ബസുകൾ സർവീസ് നടത്തുന്നുണ്ട്.

നിലവിൽ 6 റൂട്ടുകളിലായി സർവീസ് നടത്തുന്ന ഈ ബസുകൾ പ്രതിദിനം ശരാശരി 5,000 യാത്രക്കാരെ വഹിക്കുന്നു. 2026 സെപ്റ്റംബർ വരെ ഇതിൽ 4.25 ലക്ഷം പേർ യാത്ര ചെയ്തിട്ടുണ്ട്.

• ബസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനും അനലിറ്റിക്സ് ഡാഷ്ബോർഡ് വികസിപ്പിച്ചിട്ടുണ്ട്.

• തത്സമയ ലൊക്കേഷൻ ട്രാക്കിംഗിനും വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി GTFS (General Transit Feed Specification) സംവിധാനം പുരോഗമിക്കുന്നു.

• തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിൽ നിന്ന് ഇൻഫോപാർക്കിലേക്ക് സർവീസ് നടത്താൻ ഒരു സി.എൻ.ജി. (CNG) ബസ്സിനും ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(ഇ) കെ.എം.ആർ.എൽ. മറ്റ് സംസ്ഥാനങ്ങൾക്കും വിദേശ രാജ്യങ്ങൾക്കും നൽകുന്ന കൺസൾട്ടൻസി സേവനങ്ങളിലൂടെ അധിക വരുമാനം നേടുന്നുണ്ടോ;വ്യക്തമാക്കാമോ;

<u>മറുപടി:</u> അതെ, കെ.എം.ആർ.എൽ. മറ്റ് സംസ്ഥാനങ്ങൾക്കും വിദേശ രാജ്യങ്ങൾക്കും നൽകുന്ന കൺസൾട്ടൻസി സേവനങ്ങൾ വഴി അധിക വരുമാനം നേടുന്നുണ്ട്.

• ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്കായി (IWAI) ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിലും 2 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 18 സ്ഥലങ്ങളിൽ ജലഗതാഗത പഠനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട് (ഇതിൽ കേരളത്തിലെ കൊല്ലവും ആലപ്പുഴയും ഉൾപ്പെടുന്നു).

കൂടാതെ മഹാരാഷ്ട്ര മാരിടൈം ബോർഡിനായി സാധ്യതാ പഠനവും ഡി.പി.ആർ.- ഉം, ഗോവ സർക്കാരിനായി നഗര ജലഗതാഗത സംവിധാനത്തിന്റെ ഡി.പി.ആർ., ഒഡീഷ സർക്കാരിനായി ചിലിക്ക തടാകം/കോലാബ് റിസർവോയർ പഠനങ്ങൾ, കർണാടക സർക്കാരിനായി മംഗലാപുരം, ഉഡുപ്പി, ഉത്തര കന്നഡ എന്നിവിടങ്ങളിലെ പഠനങ്ങൾ, ത്രിപുരയ്ക്കായി ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് ഡി.പി.ആർ. തുടങ്ങിയവ ചെയ്തുവരുന്നു.

ഈ കൺസൾട്ടൻസി വിഭാഗം വഴി 17.57 കോടി രൂപയുടെ വരുമാനം നേടിയിട്ടുണ്ട്. ആൻഡമാൻ നിക്കോബാർ, ഗുജറാത്ത്, ഒഡീഷ തുടങ്ങിയവരുമായും വിയറ്റ്നാം, മലേഷ്യ, സീഷെൽസ്, സൗദി അറേബ്യ, ഫിജി, നൈജീരിയ, കോംഗോ തുടങ്ങിയ വിദേശ രാജ്യങ്ങളുമായും പുതിയ പദ്ധതികൾക്കായുള്ള ചർച്ചകളും അന്താരാഷ്ട്ര ഇടപെടലുകളും പുരോഗമിക്കുന്നുണ്ട്.

(എഫ്) പുതിയ ടെർമിനലുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം വൈകുന്നത് പദ്ധതിയുടെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ, ഇത്

പരിഹരിക്കാൻ സ്വീകരിക്കുന്ന അടിയന്തര നടപടികൾ എന്തൊക്കെയാണ്?

മറുപടി: പുതിയ ടെർമിനലുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം വൈകുന്നത് പദ്ധതിച്ചെലവ് വർദ്ധിപ്പിക്കാനും, ഉദ്ദേശിച്ച വരുമാന ലക്ഷ്യങ്ങൾ സമയബന്ധിതമായി കൈവരിക്കാൻ കഴിയാതെ വരിക വഴി പദ്ധതിയുടെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.

ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന അടിയന്തര നടപടികൾ ചുവടെ ചേർക്കുന്നു:

• പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ അധിക ഫണ്ട് ലഭ്യത ഉറപ്പുവരുത്തുക.

• KfW കരാറിന്റെ (Agreement) കാലാവധി നീട്ടി വാങ്ങുക.

• കേന്ദ്ര ധനകാര്യ മന്ത്രാലയവുമായുള്ള വായ്പാ ഫണ്ട് ലഭ്യത ഉറപ്പാക്കുക.

• ആവശ്യമായ സർക്കാർ അനുമതികൾ സമയബന്ധിതമായി നൽകുക.

• നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യമായ സമയക്രമത്തിനനുസരിച്ച് (Time-bound) പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

Particulars	2025-26	2024-25
Average Ridership per day-No.	1,01,413	97582
Average ticket rate Rs.	32.36	31.41
Average Collection per day-Rs.	32.82	30.65
Revenue		
Fare Box Collection	119.84	111.88
Fuel Sales	42.97	0.00
Non Fare box revenue	71.23	55.41
Consultancy revenue	7.13	1.56
Other income	19.75	13.52
Total operational Revenue	260.92	182.37
Total operational Expenditure	208.28	149.03
Operational Profit/(Loss) {excluding NMT, Interest, Depreciation}	52.64	33.34

Nature of revenue	2025-26	2024-25
Licence fee-Semi naming rights	4.65	4.01
AFC Annual Premium	27.89	21.27
Licence fee – Advertisement rights	16.63	12.48
OFC Leasing	0.79	0.72
Land rental income	0.38	0.38
E Bus – Ticketing Rvn	5.87	0.96
Rental Income	12.54	10.65
Parking Fees – Revenue share	0.75	0.65
Shooting / Photography	0.05	0.05

Income		
Feeder Service	0.53	0.48
Feeder Charter servc	0.68	-
Misc. Non FareBox Revenue	0.11	0.06
Utility Charges from Customer (Taxable)	0.36	0.39
Total Amount (Rs. in cr)	**71.23**	**52.10**

അനുബന്ധം 2

S/N	Banks / Financial institution	Loan liability as on 30.09.2026
1	Canara Bank – Phase I	1063.82
2	Canara Bank – Phase I Additional loan	16.39
3	Canara Bank – Property development	20.51
4	Hudco Loan – Land acquisition and preparatory work	341.60
5	Hudco Loan - Phase I gap funding	235.21
6	Kerala Bank – Land acquisition	57.08
7	AFD, France – Pass through Assistance through GOI for Phase I	829.44
8	AFD, France – Pass Through assistance through GOK for Non Motorised Transport Initiative	98.46
9	AIIB – Pass through assistance through GOI for Phase II	249.94
	Total	**3059.44**